2025
DECEMBER
13
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## രാജ്യാതിർത്തിക്കപ്പുറത്തെ സമുദ്രജൈവവൈവിധ്യ സംരക്ഷണം

# ഇന്ത്യ ദേശീയതലത്തിൽ ചട്ടക്കൂട് തയ്യാറാക്കും




**കൊച്ചി:** ഐക്യരാഷ്ട്രസഭയുടെ സമുദ്ര നിയമ ഉടമ്പടി പ്രകാരം, രാജ്യങ്ങളുടെ അധികാരപരിധിക്ക് പുറത്തുള്ള സമുദ്രങ്ങളിലെ ജൈവവൈവിധ്യ സംരക്ഷണവും സുസ്ഥിര വിനിയോഗവും ലക്ഷ്യമിട്ടുള്ള ബി.ബി.എൻ.ജെ കരാർ അഥവാ പുറംകടൽ (ഹൈസീസ്) ഉടമ്പടി അടുത്ത വർഷം ജനുവരി 17ന് നിലവിൽ വരും. കരാർ ഔദ്യോഗികമായി നടപ്പിലാക്കുന്നതിന് മുന്നോടിയായി ദേശീയതലത്തിൽ ചട്ടക്കൂട് രൂപീകരിക്കാനുള്ള ശ്രമങ്ങൾക്ക് ഇന്ത്യ തുടക്കമിട്ടു. ഇതുസംബന്ധിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന ചർച്ചയിൽ നയരൂപീകരണ വിദഗ്ധർ, നിയമവിദഗ്ധർ, ശാസ്ത്രജ്ഞർ, മത്സ്യമേഖലയിലെയും മാരിടൈം വ്യവസായ മേഖലയിലെയും പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

രാജ്യാതിർത്തി കഴിഞ്ഞുള്ള പുറംകടലിലെ സമുദ്ര ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിനുള്ള അന്തർദേശീയ ഉടമ്പടിയിൽ ഇന്ത്യ ഉൾപ്പെടെ ഇതുവരെ 145 രാജ്യങ്ങൾ ഒപ്പുവെച്ചിട്ടുണ്ട്. കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയം, സി.എം.എഫ്.ആർ.ഐ, സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സസ് ആൻഡ് ഇക്കോളജി എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് ചർച്ച സംഘടിപ്പിച്ചത്. കാലാവസ്ഥാ വ്യതിയാനം, അമിത മത്സ്യബന്ധനം, മലിനീകരണം എന്നിവ സമുദ്ര പരിസ്ഥിതിക്ക് വലിയ ഭീഷണി ഉയർത്തുന്ന സാഹചര്യത്തിൽ ഈ കരാറിന് അതീവപ്രാധാന്യമുണ്ടെന്ന് വിദഗ്ധർ പറഞ്ഞു. മുതിർന്ന അഭിഭാഷകൻ സഞ്ജയ് ഉപാധ്യായ ഉദ്ഘാടനം ചെയ്തു. രാജ്യങ്ങളുടെ അതിർത്തിക്ക് പുറത്തുള്ള സമുദ്ര സംരക്ഷണത്തിൽ നിലനിൽക്കുന്ന ഭരണപരമായ വിടവുകൾ നികത്താൻ ഈ ഉടമ്പടി സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

സമുദ്ര വിഭവങ്ങളുടെ ഉടമസ്ഥാവകാശവും പാരിസ്ഥിതിക ഉത്തരവാദിത്തവും സംബന്ധിച്ച സങ്കീർണ്ണതകൾ പരിഹരിക്കാനാണ് ഇന്ത്യ ദേശീയചട്ടക്കൂട് തയ്യാറാക്കുന്നത്. സമുദ്ര ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും ഇന്ത്യ മുന്നിലാണ്. ശാസ്ത്രത്തെയും ഭരണനയങ്ങളെയും നിയമത്തെയും ഒരേ കുടക്കീഴിൽ കൊണ്ടുവരുന്നതാണ് 'ഹൈസീസ്' ഉടമ്പടി. ഇന്ത്യ പ്രധാനമായും തീരദേശ ചെറുകിട മത്സ്യബന്ധനത്തെയാണ് ആശ്രയിക്കുന്നതെങ്കിലും പുറംകടലിൽ വൻതോതിൽ വ്യാവസായികാടിസ്ഥാനത്തിലുള്ള മത്സ്യബന്ധനം ഇന്ത്യൻ സമുദ്രാതിർത്തിക്കുള്ളിലെ മത്സ്യലഭ്യതയെ സ്വാധീനിക്കുന്നുണ്ടെന്ന് യോഗം വിലയിരുത്തി. ഡോ പി. കൃഷ്ണൻ, ഡോ ഗ്രിൻസൺ ജോർജ്, ഡോ ജോർജ് നൈനാൻ, ഡോ കെ. ആർ ശ്രീനാഥ്, റിസ്സ സാക്ര ഡെജൂകോസ്, പ്രിയ തായ്ഡെ, പി. കെ ശ്രീവാസ്തവ എന്നിവർ പ്രസംഗിച്ചു.

## തിരഞ്ഞെടുപ്പ് ഫലം തത്സമയം അറിയാൻ 'ട്രെൻഡ്'

**തിരുവനന്തപുരം:** തദ്ദേശ തിരഞ്ഞെടുപ്പ് ഫലം കൃത്യവും സമഗ്രവുമായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 'ട്രെൻഡ്' വെബ്സൈറ്റിൽ നിന്നും തത്സമയം അറിയാം. https:/trend.sec.kerala.gov.in, https://ltbrend.kerala.gov.in,https:/trend.kerala.nic.in എന്നീ വെബ് സൈറ്റുകളിൽ തിരഞ്ഞെടുപ്പ് ഫലം ലഭ്യമാണ്.
സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളുടെയും ഫലം ജില്ലാ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിങ്ങനെ തിരിച്ച് ഒറ്റ നോട്ടത്തിൽ മനസിലാകുന്ന വിധം സൈറ്റിൽ ലഭ്യമാകും. ഓരോ ബൂത്തിലെയും സ്ഥാനാർത്ഥികളുടെ വോട്ടു നില അപ്പപ്പോൾ തന്നെ സൈറ്റിൽ അപ്ലോഡ് ചെയ്യും. ഓരോ തദ്ദേശസ്ഥാപനത്തിലെയും ലീഡ് നില വാർഡ് അടിസ്ഥാനത്തിൽ മനസിലാക്കാം. മാധ്യമങ്ങൾക്കു വോട്ടെണ്ണൽ വിവരങ്ങൾ തത്സമയം ലഭ്യമാക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്തും ജില്ലാ ആസ്ഥാനങ്ങളിലും ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

## ആഹ്ലാദപ്രകടനങ്ങളിൽ മിതത്വം പാലിക്കണം

**തിരുവനന്തപുരം:** തദ്ദേശപൊതുതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ഇന്ന് സംസ്ഥാനത്തെ 244 കേന്ദ്രങ്ങളിൽ നടക്കും. തിരഞ്ഞെടുപ്പ് വിജയാഹ്ലാദപ്രകടനങ്ങളിൽ സ്ഥാനാർത്ഥികളും രാഷ്ട്രീയ പാർട്ടികളും മിതത്വം പാലിക്കണം. ഡിസംബർ 18 വരെ മാതൃകാ പെരുമാറ്റചട്ടം നിലവിലുണ്ട്. പൊതുനിരത്തുകളിലും ജംഗ്ഷനുകളിലും ഗതാഗതത്തിന് തടസ്സമുണ്ടാക്കുകയോ ശല്യപ്പെടുത്തുകയോ ചെയ്യുന്ന രീതിയിൽ ലൗഡ്സ്പീക്കർ ഉപയോഗിക്കാൻ പാടില്ല.

പടക്കം, വെടിക്കെട്ട് മുതലായവ നിയമാനുസൃതമായി മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. ഹരിതച്ചട്ടവും, ശബ്ദനിയന്ത്രണ, പരിസ്ഥിതി നിയമങ്ങളും ആഹ്ലാദപ്രകടനങ്ങളിൽ കർശനമായി പാലിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു.വോട്ടെണ്ണൽ രാവിലെ എട്ടിനു ആരംഭിക്കും. കൗണ്ടിങ് ടേബിളിൽ വയ്ക്കുന്ന കൺട്രോൾ യൂണിറ്റിൽ സീലുകൾ, സ്പെഷ്യൽ ടാഗ് എന്നിവ കൃത്യമായി ഉണ്ടെന്ന് സ്ഥാനാർഥികളുടെയോ കൗണ്ടിങ്, ഇലക്ഷൻ ഏജന്റുമാരുടെയോ സാന്നിധ്യത്തിൽ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷമായിരിക്കും വോട്ടെണ്ണൽ ആരംഭിക്കുക.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 75* പൈസ
*As Per EMI Scheme Basis *T&C Apply
പ്രതിമാസ പലിശ നിരക്ക് 100 രൂപയ്ക്ക്
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53

## ബെഞ്ച്മാർക്ക് വൈകല്യമുള്ള ഉദ്യോഗാർത്ഥികൾക്ക് 'ഇഷ്ടമുള്ള പരീക്ഷാ കേന്ദ്രം'

**ന്യൂഡൽഹി:** ബെഞ്ച്മാർക്ക് വൈകല്യമുള്ള (PwBD) വ്യക്തികൾക്ക് പരീക്ഷാ പ്രവേശനക്ഷമതയും സൗകര്യവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ PwBD ഉദ്യോഗാർത്ഥികൾക്കും അവർക്ക് 'ഇഷ്ടമുള്ള പരീക്ഷാ കേന്ദ്രം' അനുവദിക്കാൻ യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ (യു.പി.എസ്.സി) തീരുമാനിച്ചു. ഈ ഉദ്യോഗാർത്ഥികൾ പലപ്പോഴും അഭിമുഖീകരിക്കുന്ന യാത്രാപ്രശ്നങ്ങളും പ്രത്യേക ആവശ്യകതകളും പരിഗണിച്ച്, അപേക്ഷാ ഫോമിൽ അവർ താൽപ്പര്യമുള്ളതായി സൂചിപ്പിക്കുന്ന പരീക്ഷാ കേന്ദ്രം തന്നെ എല്ലാ PwBD അപേക്ഷകർക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനാണ് കമ്മീഷൻ പുതിയ നിലപാട് സ്വീകരിച്ചത്.

കഴിഞ്ഞ അഞ്ച് വർഷത്തെ പരീക്ഷാ കേന്ദ്രങ്ങളുടെ വിവരങ്ങൾ വിശകലനം ചെയ്തപ്പോൾ ഡൽഹി, കട്ടക്ക്, പട്ന, ലഖ്നൗ തുടങ്ങിയ ചില കേന്ദ്രങ്ങളിൽ അപേക്ഷകരുടെ എണ്ണം കൂടുതലായതിനാൽ വളരെ വേഗം സീറ്റുകൾ നിറയുന്നതായി കണ്ടെത്താൻ സാധിച്ചുവെന്നും ഇത് (PwBD) ഉദ്യോഗാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും സൗകര്യപ്രദമല്ലാത്ത കേന്ദ്രങ്ങൾ തിരഞ്ഞെടുക്കാൻ അവർ നിർബന്ധിതരാകുകയും ചെയ്തുവെന്ന് യു.പി.എസ്.സി. ചെയർമാൻ ഡോ. അജയ് കുമാർ പറഞ്ഞു. എന്നാൽ ഇപ്പോൾ പുതിയ തീരുമാനത്തിലൂടെ എല്ലാ PwBD ഉദ്യോഗാർത്ഥികൾക്കും അവർക്ക് ഇഷ്ടമുള്ള പരീക്ഷാ കേന്ദ്രം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും അതുവഴി യു.പി.എസ്.സി. പരീക്ഷകൾക്ക് ഹാജരാകുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾക്ക് പരമാവധി സൗകര്യവും എളുപ്പവും ഉറപ്പുവരുത്താനും സാധിച്ചതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

ഓരോ പരീക്ഷാ കേന്ദ്രത്തിന്റേയും നിലവിലുള്ള ശേഷി ആദ്യം PwBD, PwBD അല്ലാത്ത ഉദ്യോഗാർത്ഥികൾ എന്നീ രണ്ട് വിഭാഗങ്ങളിലുമുള്ള ഉദ്യോഗാർത്ഥികൾക്കായി ഉപയോഗിക്കും. ഒരു പരീക്ഷാ കേന്ദ്രം പൂർണ്ണ ശേഷിയിലെത്തിക്കഴിഞ്ഞാൽ, അത് PwBD അല്ലാത്ത ഉദ്യോഗാർത്ഥികൾക്ക് തിരഞ്ഞെടുക്കാൻ ലഭ്യമാകില്ല. എന്നിരുന്നാലും, PwBD ഉദ്യോഗാർത്ഥികൾക്ക് ആ കേന്ദ്രം തിരഞ്ഞെടുക്കാനുള്ള ഓപ്ഷൻ തുടർന്നും ഉണ്ടായിരിക്കും. PwBD ഉദ്യോഗാർത്ഥികൾക്ക് ഇഷ്ടമുള്ള കേന്ദ്രം നിഷേധിക്കപ്പെടുന്നില്ല എന്ന് ഉറപ്പാക്കാൻ യു.പി.എസ്.സി. കൂടുതൽ സീറ്റുകൾക്ക് വേണ്ടിയുള്ള ക്രമീകരണങ്ങൾ ചെയ്യും.

## ജില്ലാ സായുധ സേനാ പതാക ദിനാചരണം 15ന്

**ആലപ്പുഴ:** സായുധ സേനാ പതാക ദിനാചരണത്തിന്റെ ഉദ്ഘാടനം ഡിസംബർ 15 ന് ആലപ്പുഴ കളക്ടറേറ്റ് പരിസരത്തുള്ള ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ രാവിലെ 10.30 ന് നടക്കും. സായുധ സേനാ പതാകദിന ഫണ്ട് കമ്മിറ്റി പ്രസിഡന്റായ ജില്ലാ കലക്ടർ ആദ്യ പതാക സ്വീകരിച്ച് കൊണ്ട് ചടങ്ങ് ഉദ്ഘാടനം ചെയ്യും.

## പരീക്ഷാഫലം

**തിരുവനന്തപുരം:** 2025 ലെ കേരള ജുഡീഷ്യൽ സർവീസ് മെയിൻ (എഴുത്ത്) പരീക്ഷാഫലം കേരള ഹൈക്കോടതിയുടെ റിക്രൂട്ട്മെന്റ് പോർട്ടലിൽ (https://hckrecruitment.keralacourts.in) പ്രസിദ്ധീകരിച്ചു. യോഗ്യരായവരുടെ കോൾ ലെറ്ററുകളും പോർട്ടലിൽ ലഭ്യമാണ്.

## അക്കാദമിക് പ്രോജക്ടുകൾ ചെയ്യാൻ അവസരം

**തിരുവനന്തപുരം:** തിരുവനന്തപുരം മുട്ടടയിൽ പ്രവർത്തിക്കുന്ന IHRD യുടെ റീജിയണൽ സെന്ററിൽ കോളേജ് വിദ്യാർഥികൾക്കായി ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ ഇലക്ട്രോണിക്സ്, ബി.ടെക് കമ്പ്യൂട്ടർ സയൻസ്/ ഇലക്ട്രോണിക്സ്, എം.എസ്സി കമ്പ്യൂട്ടർ സയൻസ്/ ഇലക്ട്രോണിക്സ്, എം.ടെക്/ എം.സിഎ വിഷയങ്ങളിൽ അക്കാഡമിക് പ്രോജക്ടുകൾ ചെയ്യാൻ അവസരം. താൽപ്പര്യമുള്ളവർക്ക് 8547005087, 9495069307, 9400519491, 0471- 2660512 നമ്പറുകളിൽ ബന്ധപ്പെടാം.

## യുജിസി നെറ്റ് പരിശീലനം

**തിരുവനന്തപുരം:** മുട്ടടയിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡിയുടെ റീജിയണൽ സെന്ററിൽ കോളജ് വിദ്യാർഥികൾക്കായി യുജിസി നെറ്റ് (കമ്പ്യൂട്ടർ സയൻസ്, കോമേഴ്സ് എന്നീ വിഷയങ്ങളും ജനറൽ പേപ്പറും) പരിശീലനം നൽകുന്നു. താൽപ്പര്യമുള്ളവർക്ക് 8547005087, 9495069307, 9400519491, 0471-2660512 നമ്പറുകളിൽ ബന്ധപ്പെടാം.

## തണ്ണീർമുക്കം ബണ്ട്: ഷട്ടറുകൾ 15 മുതൽ അടയ്ക്കും

**ആലപ്പുഴ:** തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ ഡിസംബർ 15 മുതൽ അടച്ചു തുടങ്ങും. ഇതിനായി ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ബണ്ടിന്റെ ഷട്ടറുകൾ അടക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ അലക്സ് വർഗീസിന്റെ അധ്യക്ഷതയിൽ ചേർന്ന ഉപദേശക സമിതി യോഗത്തിലാണ് തീരുമാനം. കളക്ടറുടെ ചേംബറിൽ കൂടിയ യോഗത്തിൽ കുട്ടനാട് തഹസിൽദാർ പ്രീത പ്രതാപൻ, മെക്കാനിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ആർ. അശോക് കുമാർ, കുട്ടനാട് ഡെവലപ്മെന്റ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആർ. അജയകുമാർ, കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസർ ജോ ജോസ്, മറ്റ് ഉദ്യോഗസ്ഥർ, മത്സ്യ തൊഴിലാളി നേതാക്കൾ, പാടശേഖര സമിതി പ്രതിനിധികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## ഹെൽത്ത് സയൻസ് കോഴ്സുകൾ: സ്പോട്ട് അലോട്ട്മെന്റ് 16 ന്

**തിരുവനന്തപുരം:** 2025-26 അദ്ധ്യയന വർഷത്തെ അലൈഡ് ഹെൽത്ത് സയൻസസ് കോഴ്സുകൾക്ക് സർക്കാർ/സ്വാശ്രയ കോളേജുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനത്തിനുള്ള സ്പോട്ട് അലോട്ട്മെന്റ് ഡിസംബർ 16 ന് എൽ.ബി.എസ്സ് സെന്റർ ജില്ലാ ഫെസിലിറ്റേഷൻ സെന്ററുകളിൽ രാവിലെ 10 ന് നടക്കും. മുൻ അലോട്ട്മെന്റുകളിലൂടെ കോളേജുകളിൽ പ്രവേശനം ലഭിച്ചവർ നിരാക്ഷേപപത്രം ഓൺലൈനായി സമർപ്പിക്കണം. ഒഴിവുകളുടെ വിശദാംശങ്ങൾ www.lbscetnre.kerala.gov.in ൽ അലോട്ട്മെന്റിനു മുൻപ് പ്രസിദ്ധീകരിക്കും. അലോട്ട്മെന്റ് ലഭിക്കുന്നവർ അന്നേ ദിവസം ഫീസടയ്ക്കണം. അലോട്ട്മെന്റിനുശേഷം കോഴ്സ്/കോളേജ് മാറ്റം അനുവദിക്കില്ല. കൂടുതൽ വിവരങ്ങൾക്ക്: 0471-2560361, 362, 363, 364, www.lbscetnre.kerala.gov.in.

## സൗജന്യ പേപ്പർ ബാഗ് പരിശീലനം

**തിരുവനന്തപുരം:** സ്റ്റാച്യുവിൽ പ്രവർത്തിക്കുന്ന ഗ്രാമീണ സ്വയം തൊഴിൽ പരിശീലനകേന്ദ്രത്തിൽ ഡിസംബർ 15ന് ആരംഭിക്കുന്ന 12 ദിവസത്തെ സൗജന്യ പേപ്പർ ബാഗ് എൻവലപ്പ്, ഫയൽ ബോർഡ് നിർമാണ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. ക്ലാസ്സുകൾ രാവിലെ 9.30 മുതൽ വൈകീട്ട് 5 മണി വരെയായിരിക്കും. 1850 പ്രായപരിധിയിലുള്ളവർക്ക് അപേക്ഷിക്കാം. ഡിസംബർ 12ന് ഇൻറർവ്യൂ നടക്കും. ഫോൺ: 0471-2322430, 8891228788

### തദ്ദേശ തിരഞ്ഞെടുപ്പ്

# ഏറ്റവുമധികം ആളുകൾ വോട്ട് ചെയ്തത് ഇത്തവണ



**തിരുവനന്തപുരം:** തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പിൽ ഏറ്റവുമധികം വോട്ടർമാർ വോട്ട് ചെയ്തത് ഇത്തവണ. രണ്ടു ഘട്ടമായി വോട്ടെടുപ്പ് നടന്ന 2025 ലെ തദ്ദേശ തിരഞ്ഞെടുപ്പിൽ ആകെ വോട്ട് ചെയ്തത് 21079609 വോട്ടർമാർ. 2020 ലെ തിരഞ്ഞെടുപ്പിൽ 21005743 വോട്ടർമാരാണ് വോട്ട് ചെയ്തിരുന്നത്. 73866 വോട്ടുകളാണ് മുൻ തിരഞ്ഞെടുപ്പിൽ നിന്നും അധികമായി പോളിംഗ് ബൂത്തുകളിൽ ഇത്തവണ പോൾ ചെയ്തത്. ഇത് കൂടാതെ പോസ്റ്റൽ ബാലറ്റുകൾ വഴി ചെയ്ത വോട്ടുകൾ കൂടി കണക്കാക്കേണ്ടതുണ്ട്.

വോട്ടർമാരുടെ എണ്ണത്തിലും 2025ൽ വർധനയുണ്ടായി. 28607658 സമ്മതിദായകരാണ് വോട്ടർപ്പട്ടിക പ്രകാരമുള്ളത്. 2020 ൽ ഇത് 27656910 ആയിരുന്നു.1993 ൽ കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിലവിൽ വന്നതിനുശേഷം 1995 ൽ നടന്ന ആദ്യ തദ്ദേശ സ്വയംഭരണ പൊതുതിരഞ്ഞെടുപ്പിൽ 15074169 വോട്ടർമാരാണ് വോട്ട് രേഖപ്പെടുത്തിയത്. 20508855 ആയിരുന്നു അന്നത്തെ വോട്ടർമാരുടെ ആകെ എണ്ണം. 2025 തദ്ദേശ പൊതുതിരഞ്ഞെടുപ്പിൽ ആകെ 73.69 ശതമാനം പോളിംഗ് നടന്നു.

തിരുവനന്തപുരം- 67.47%, കൊല്ലം- 70.35%, പത്തനംതിട്ട -66.78%, ആലപ്പുഴ- 73.82%, കോട്ടയം- 70.86%, ഇടുക്കി- 71.78%, എറണാകുളം- 74.57%, തൃശൂർ- 72.48%, പാലക്കാട്- 76.27%, മലപ്പുറം- 77.37%, കോഴിക്കോട്- 77.27%, വയനാട്- 78.29%, കണ്ണൂർ- 76.77%, കാസർഗോഡ് - 74.89%. എന്നിങ്ങനെയാണ് ജില്ലകളിലെ പോളിങ് ശതമാനം.കോർപ്പറേഷനുകളിൽ തിരുവനന്തപുരത്ത് 58.29%, കൊല്ലത്ത് 63.35%, കൊച്ചിയിൽ 62.44%, തൃശൂർ 62.45%, കോഴിക്കോട് 69.55% കണ്ണൂർ 70.33 % എന്നിങ്ങനെയാണ് പോളിങ് ശതമാനം.

# ഒരുക്കങ്ങൾ പൂർത്തിയായി; വോട്ടെണ്ണൽ രാവിലെ എട്ടു മുതൽ

**കൊച്ചി/ആലപ്പുഴ:** തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കി എറണാകുളം, ആലപ്പുഴ ജില്ലാ ഭരണകൂടങ്ങൾ. രാവിലെ എട്ടിനാണ് വോട്ടെണ്ണൽ ആരംഭിക്കുക. എറണാകുളം ജില്ലയിലെ 111 തദ്ദേശ സ്ഥാപനങ്ങളിലെ 2200 വാർഡുകളിലെ വോട്ടുകൾ എണ്ണുന്നതിനായി 28 കേന്ദ്രങ്ങളാണ് ഒരുക്കിയിട്ടുള്ളത്. ആദ്യം പോസ്റ്റൽ ബാലറ്റുകൾ എണ്ണിയ ശേഷമായിരിക്കും വോട്ടിംഗ് യന്ത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വോട്ടുകൾ എണ്ണുക. ജില്ലാ പഞ്ചായത്തിലേക്കുള്ള പോസ്റ്റൽ ബാലറ്റുകൾ കളക്ടറേറ്റിലെ സ്പാർക്ക് ഹാളിലാണ് എണ്ണുക. മറ്റുള്ളവ അതത് കേന്ദ്രങ്ങളിൽ തന്നെ എണ്ണും. വിജയികൾക്ക് ഉടൻ തന്നെ സർട്ടിഫിക്കറ്റുകൾ നൽകും. അതീവ സുരക്ഷയോടെ സൂക്ഷിച്ചിട്ടുള്ള വോട്ടിംഗ് യന്ത്രങ്ങൾ വോട്ടെണ്ണലിന് കുറച്ച് മുൻപ് മാത്രമേ ഹാളിലേക്ക് മാറ്റുകയുള്ളൂ. ഉച്ചയോടെ പൂർണമായ ഫലം പ്രഖ്യാപിക്കാനാകുമെന്ന പ്രതീക്ഷയിലാണ് അധികൃതർ. ഇതിനായി 6000ത്തോളം ജീവനക്കാരെയാണ് വിവിധയിടങ്ങളിലായി സജ്ജീകരിച്ചിട്ടുള്ളത്.

ഓരോ ബൂത്തിലെയും വോട്ടുകൾ എണ്ണി തീരുന്നതിന് അനുസരിച്ച് ഫലങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യും. തിരഞ്ഞെടുപ്പ് ഫലം തത്സമയം തന്നെ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി എല്ലാ കേന്ദ്രങ്ങളിലും മീഡിയ സെന്റർ ഒരുക്കിയിട്ടുണ്ട്. മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലേയും വിവരങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി ജില്ലാ കളക്ടറേറ്റിലെ പ്ലാനിംഗ് ഹാളിൽ കേന്ദ്രീകൃത മീഡിയ സെന്ററും തയ്യാറാക്കിയിട്ടുണ്ട്. എല്ലാ വോട്ടെണ്ണൽ കേന്ദ്രത്തിലെയും ഫലം ക്രോഡീകരിച്ച് മാധ്യമങ്ങൾക്ക് നൽകുന്നത് ഇവിടെ നിന്നാകും. ഡിസംബർ 21ന് പുതിയ ഭരണസമിതികൾ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേൽക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കുന്നത്. രാവിലെ 10ന് ത്രിതല പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും ഭരണസമിതികളും 11ന് കോർപ്പറേഷനിലെ ഭരണസമിതിയും ചുമതലയേൽക്കുന്ന രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്.

ആലപ്പുഴയിൽ ബ്ലോക്ക്, നഗരസഭ വരണാധികാരികളുടെ നേതൃത്വത്തിൽ 18 കേന്ദ്രങ്ങളിലായി രാവിലെ എട്ട് മണി മുതൽ വോട്ടുകൾ എണ്ണിത്തുടങ്ങും. കായംകുളം, മാവേലിക്കര, ഹരിപ്പാട് നഗരസഭ ഓഫീസുകൾ, ചെങ്ങന്നൂർ അങ്ങാടിക്കൽ ഗവ. ഹയർസെക്കൻഡറി സ്കൂൾ, ആലപ്പുഴ സെന്റ് ജോസഫ്സ് എച്ച് എസ് എസ് ഫോർ ഗേൾസ്, ചേർത്തല ശ്രീനാരായണ മെമ്മോറിയൽ ഗവ. ബോയ്സ് ഹയർസെക്കൻഡറി സ്കൂൾ എന്നിവയാണ് നഗരസഭകളിലെ കേന്ദ്രങ്ങൾ. എൻ എസ് എസ് കോളേജ്, പള്ളിപ്പുറം(തൈക്കാട്ടുശ്ശേരി ബ്ലോക്ക്), ടി ഡി ഹൈസ്കൂൾ തുറവൂർ(പട്ടണക്കാട്), ചേർത്തല സെന്റ് മൈക്കിൾസ് കോളേജ്(കഞ്ഞിക്കുഴി), കലവൂർ ഗവ. ഹയർസെക്കൻഡറി സ്കൂൾ(ആര്യാട്), അമ്പലപ്പുഴ ഗവ. ഹയർസെക്കൻഡറി സ്കൂൾ(അമ്പലപ്പുഴ), ചമ്പക്കുളം സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂൾ(ചമ്പക്കുളം), മുട്ടാർ സെന്റ് ജോർജ് ഹയർസെക്കൻഡറി സ്കൂൾ(വെളിയനാട്), ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജ്(ചെങ്ങന്നൂർ), നങ്ങ്യാർകുളങ്ങര ടി കെ മാധവ മെമ്മോറിയൽ കോളേജ്(ഹരിപ്പാട്), മാവേലിക്കര ബിഷപ്പ് ഹോഡ്ജസ് ഹയർസെക്കൻഡറി സ്കൂൾ(മാവേലിക്കര), നൂറനാട് സെന്റ് ജോസഫ്സ് കോൺവെന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ (ഭരണിക്കാവ്), മുതുകുളം വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ(മുതുകുളം) എന്നിവയാണ് ബ്ലോക്ക്തല കേന്ദ്രങ്ങൾ.

ഒരു വോട്ടണ്ണൽ കേന്ദ്രത്തിൽ പോളിംഗ് സ്റ്റേഷനുകളുടെ എണ്ണത്തിനനുസരിച്ച് എട്ട് മുതൽ 16 വരെ ടേബിളുകൾ ഒരുക്കിയിട്ടുണ്ട്. പോസ്റ്റൽ ബാലറ്റുകളായിരിക്കും ആദ്യം എണ്ണുക. വോട്ടെണ്ണൽ ദിവസം രാവിലെ എട്ട് മണിവരെ ലഭിക്കുന്ന പോസ്റ്റൽ വോട്ടുകളും പരിഗണിക്കും. വോട്ടെണ്ണൽ ഫലങ്ങൾ ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്തിൽ മീഡിയ സെന്റർ പ്രവർത്തിക്കും. ട്രെൻഡ് പോർട്ടലിലൂടെയാണ് തൽസമയ ഫലങ്ങൾ ലഭ്യമാക്കുന്നത്.

# മരണം തട്ടിയെടുത്ത അനീഷിന്റെ കൈകൾ ഇനി ഗോകുലപ്രിയന് കരുത്താകും



**കൊച്ചി :** ശബരിമല പമ്പയിൽ വെച്ച് മരിച്ച ജയിൽ ഉദ്യോഗസ്ഥൻ എ. ആർ അനീഷിന്റെ കൈകൾ സേലം സ്വദേശിയായ 23 വയസുകാരൻ ഗോകുലപ്രിയന് കരുത്തായി മാറും. ശബരിമല ദർശനത്തിനു ശേഷം പമ്പയിൽവെച്ചാണ് പൂജപ്പുര സെൻട്രൽ ജയിലിലെ ജയിലർ അനീഷ് എ.ആർ അപസ്മാരത്തെ തുടർന്ന് വീഴുന്നത്. വീഴ്ചയുടെ ആഘാതത്തിൽ മസ്തിഷ്കമരണം സംഭവിച്ച അനീഷിന്റെ ആഗ്രഹപ്രകാരം തന്നെയാണ് കുടുംബം അവയവങ്ങൾ ദാനം ചെയ്യാൻ സന്നദ്ധത അറിയിച്ചത്. കോട്ടയം മെഡിക്കൽ കോളേജിൽ നിന്ന് അനീഷ് ദാനം ചെയ്ത ഇരു കൈകളും ഏറ്റുവാങ്ങാൻ ഭാഗ്യം ലഭിച്ചത് സേലം സ്വദേശിയായ 23 കാരൻ ഗോകുലപ്രിയനായിരുന്നു.

കുടുംബമായി ചെയ്യുന്ന കോഴിഫാമിലെ മേൽക്കൂര ഉറപ്പിക്കുന്നതിനിടെ ഹൈടെൻഷൻ ലൈനിൽ നിന്ന് വൈദ്യുതാഘാതം ഏറ്റാണ് ഗോകുലപ്രിയന് ഇരു കൈകളും നഷ്ടമായത്. കൂടെയുണ്ടായിരുന്ന മുത്തശ്ശൻ അപകടത്തിൽ മരണപ്പെടുകയും ചെയ്തു. 2018ലെ അപകടത്തിനുശേഷം ഗോകുലപ്രിയൻ കൃത്രിമ കൈകൾ വച്ചുപിടിപ്പിച്ചെങ്കിലും സാധാരണ ജീവിതം അപ്പോഴും ഒരു വിദൂര സ്വപ്നം മാത്രമായിരുന്നു. കൊച്ചി അമൃത ആശുപത്രിയിൽ എത്തിയ ഗോകുലപ്രിയന് വീണ്ടും കാത്തിരിപ്പിന്റെ നാളുകൾ. ചികിത്സ അമൃതയിൽ ആരംഭിച്ചതോടെ യാത്രസൗകര്യം എളുപ്പമാക്കാൻ ഹരിപ്പാടുള്ള മുത്തശ്ശിയുടെ വീട്ടിലേക്ക് താമസം മാറി. ഇതിനിടെയാണ് അനീഷിന്റെ കൈകൾ മൃതസഞ്ജീവനി പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ഗോകുലപ്രിയന് ലഭിക്കുന്നത്.

2025 ഒക്ടോബർ 22 നു ഡോ. സുബ്രഹ്മണ്യ അയ്യരുടെ നേതൃത്വത്തിലുള്ള ഡോക്ടർമാരുടെ സംഘം മണിക്കൂറുകൾ നീണ്ട ശസ്ത്രക്രിയയ്ക്ക് ഒടുവിൽ കൈകൾ ഗോകുലപ്രിയന്റെ ശരീരത്തിൽ തുന്നിച്ചേർത്തു. ശസ്ത്രക്രിയയ്ക്കും അതിനു ശേഷമുള്ള ചികിത്സക്കും വിവിധ വിഭാഗങ്ങൾ ഒറ്റമനസ്സോടെ പ്രവർത്തിച്ചു. കൊച്ചി അമൃത ആശുപത്രിയിലെ പ്ലാസ്റ്റിക് ആന്റ് റീകൺസ്ട്രക്റ്റീവ് വിഭാഗം മേധാവി ഡോ.സുബ്രമണ്യ അയ്യർ നേതൃത്വം നൽകിയ ശസ്ത്രക്രിയയിലും ശേഷമുള്ള ചികിത്സയിലും ഡോ. കിഷോർ പുരുഷോത്തമൻ, ഡോ. ജിമ്മി മാത്യു, ഡോ. മോഹിത് ശർമ്മ, ഡോ. ജനാർദ്ദനൻ, ഡോ. സാം തോമസ്, ഓർത്തോപീഡിക്സ് വിഭാഗത്തിലെ ഡോ. ബാലു സി ബാബു , അനസ്തേഷ്യ വിഭാഗത്തിലെ ഡോ. ജെറി പോൾ, ഡോ. സുനിൽ രാജൻ, നെഫ്രോളജി വിഭാഗം ക്ലിനിക്കൽ പ്രൊഫസർ ഡോ. ജോർജ് കുര്യൻ, ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ വിഭാഗം മേധാവി ഡോ.രവി ശങ്കരൻ തുടങ്ങിയവർ പങ്കാളികളായി.

മുപ്പത്തി രണ്ടു നാളുകൾ നീണ്ട ആശുപത്രിവാസത്തിനു ശേഷം വീട്ടിലേക്കു മടങ്ങുന്ന ഗോകുലപ്രിയന് കൊച്ചി അമൃത ആശുപത്രി അധികൃതർ സന്തോഷ സൂചകമായി കേക്കുമുറിച്ചാണ് യാത്രയപ്പ് നൽകിയത്. കൈകൾ ലഭിച്ചതോടെ തനിക്ക് പഴയ ജീവിതം തിരിച്ചു കിട്ടുമെന്ന് പ്രതീക്ഷയുണ്ടെന്ന് ഗോകുല പ്രിയൻ പറഞ്ഞു. ചടങ്ങിൽ അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ, സീനിയർ മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ ഡോ. പ്രതാപൻ നായർ, കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (K-SOTTO) എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. എസ്.എസ് നോബിൾ ഗ്രേഷ്യസ് തുടങ്ങിയവർ സന്നിഹിതരായിരുന്നു. അമൃത കൊച്ചി, ഫരീദാബാദ് ആശുപത്രികളിലായി ഇരു കൈകളും മാറ്റിവയ്ക്കുന്ന 21 ശസ്ത്രക്രിയകളാണ് ഇതിനോടകം പൂർത്തിയായിട്ടുള്ളത്.

# ബിനാലെ: പ്രകടനകലയുടെ ദൃശ്യവിരുന്നായി ഉദ്ഘാടനദിനം

**കൊച്ചി:** കൊച്ചി മുസിരിസ് ബിനാലെ ആറാംലക്കത്തിൽ പ്രകടനകലാവതരണത്തിനുള്ള പ്രാധാന്യം ഉദ്ഘാടന ദിനത്തിൽ ദൃശ്യമായി. മാർഗി രഹിത കൃഷ്ണദാസിന്റെ തായമ്പക മുതൽ പ്രശസ്ത കലാകാരന്മാരുടെ കലാപ്രകടനങ്ങൾ വരെയുള്ളവയ്ക്ക് നിറഞ്ഞ കയ്യടിയോടെയാണ് കാണികൾ സ്വീകരിച്ചത്. ഇന്നലെ ഉച്ചയ്ക്ക് 12 മണിക്ക് കൊച്ചി മുസിരിസ് ബിനാലെ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി, ക്യൂറേറ്റർ നിഖിൽ ചോപ്ര എന്നിവർ ചേർന്ന് ബിനാലെ പതാക ഉയർത്തി. കൊച്ചി മുസിരിസ് ബിനാലെയുടെ തുടക്കം മുതലുള്ള അഭ്യുദയകാംക്ഷി മുൻ മന്ത്രിയും സിപിഐ(എം) ജനറൽ സെക്രട്ടറിയുമായ എം എ ബേബി, മുൻ കേന്ദ്രമന്ത്രി കെ. വി തോമസ്, കൊച്ചി ബിനാലെ ഫൗണ്ടേഷൻ ചെയർപേഴ്സൺ ഡോ. വേണു വി, സി.ഇ.ഒ തോമസ് വർഗീസ്, ട്രസ്റ്റ് ബോർഡംഗങ്ങളായ ബോണി തോമസ്, എൻ. എസ് മാധവൻ ഷബാന ഫൈസൽ, ടോണി ജോസഫ്, മറിയം റാം, ബിനാലെ ഫൗണ്ടേഷൻ രക്ഷാധികാരികളായ കിരൺ നാടാർ, ഷഫാലി വർമ്മ, സംഗീത ജിൻഡാൽ , അനു മെൻഡ, മുൻ ക്യൂറേറ്റർ ജിതേഷ് കല്ലാട്ട്, കൊച്ചി മുൻ മേയറും കൊച്ചി ബിനാലെ ഫൗണ്ടേഷൻ ഉപദേശക സമിതി അംഗവുമായ കെ. ജെ സോഹൻ തുടങ്ങിയവർ സംബന്ധിച്ചു.

പതാകയുയർത്തലിന് തൊട്ട് മുമ്പ് മാർഗി രഹിത കൃഷ്ണദാസ് അവതരിപ്പിച്ച തായമ്പക അരങ്ങ് തകർത്തു. ബിനാലെ ആറാം ലക്കത്തിന്റെ ക്യൂറേറ്റർമാരായ എച്ച് .എച്ച് ആർട്ട് സ്പേസും നിഖിൽ ചോപ്രയും ചേർന്ന് ബിനാലെ വേദികൾ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തി. മോണിക്കാ ഡി മിറാൻഡയുടെ എ ന്യൂ ആൽഫബെറ്റ് എന്ന പ്രകടനകല കാണികൾക്ക് പുത്തൻ അനുഭവമായി. വര, പ്രതിമാനിർമ്മാണം, പ്രതിഷ്ഠാപനം, ഫോട്ടോഗ്രഫി, ഫിലിം എന്നിവയിലൂടെ പ്രകൃതിസംരംക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള സന്ദേശം അവർ നൽകി. ഭാവന, ശബ്ദം, ശരീരം എന്നിവ കൊണ്ട് അക്ഷരങ്ങൾക്കപ്പുറത്തേക്കുള്ള ഭാഷ നെയ്തെടുക്കുകയായിരുന്നു.

മൃഗങ്ങളുടെ മുഖംമൂടിയാണ് സറീന മുഹമ്മദിന്റെ പ്രൊസഷൻ ഫോർ എ ഷിഫ്റ്റിംഗ് സ്റ്റോം എന്ന പ്രകടനാവതരണത്തിൽ ശ്രദ്ധേയമായത്. തുറമുഖ നഗരത്തിന്റെ നശ്വരയും പൈതൃകമായ ദിശാ വിജ്ഞാനവുമെല്ലാം ഇതിൽ അവതരിപ്പിച്ചു. എസ്.എം.എസ് ഹാളിൽ മൻദീപ് റൈഖിയുടെ ഹാലൂസിനേഷൻസ് ഓഫ് ആൻ ആർട്ടിഫാക്ട് എന്ന പ്രകടനാവതരണവും അരങ്ങേറി. ലിംഗപരമായ വേർതിരിവ്, ദേശീയത, ലൈംഗികത എന്നിവയ്ക്കെതിരായ നിലപാടുകളെ എതിർക്കുന്നതിനുള്ള രാഷ്ട്രീയമായ പ്രതിരോധമാണ് തന്റെ പ്രകടനകലാരൂപത്തിലൂടെ മൻദീപ് മുന്നോട്ടു വയച്ചത്.

## കെ.സി.ബി.സി: ആർച്ചുബിഷപ് വർഗീസ് ചക്കാലക്കൽ പ്രസിഡന്റ്, ആർച്ചുബിഷപ്പ് തോമസ് തറയിൽ സെക്രട്ടറി ജനറൽ



**കൊച്ചി:** കേരള കത്തോലിക്ക മെത്രാൻ സമിതി (കെ.സി.ബി.സി)യുടെ പുതിയ പ്രസിഡന്റായി കോഴിക്കോട് രൂപതാ മെത്രാപ്പോലീത്തയും കേരള റീജിണൽ ലത്തീൻ കത്തോലിക്കാസഭയുടെ പ്രസിഡന്റുമായ ആർച്ചുബിഷപ് വർഗീസ് ചക്കാലക്കലിനെ പ്രസിഡന്റായും പത്തനംതിട്ട മലങ്കര രൂപത മെത്രാനായ ബിഷപ്പ് സാമുവേൽ മാർ ഐറേനിയോസിനെ വൈസ്പ്രസിഡന്റായും, ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത ആർച്ചുബിഷപ്പ് തോമസ് തറയിലിനെ സെക്രട്ടറി ജനറലായും തിരഞ്ഞെടുത്തു. കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയമായ പിഒസി പാലാരിവട്ടത്ത് ഡിസംബർ 11,12 തീയതികളിൽ നടന്ന കെസിബിസി സമ്മേളനത്തിലായിരുന്നു പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്.

## വൈപ്പിനിൽ ക്രിസ്മസ് വിളംബര ഘോഷയാത്ര 'ബിയോൺ നതാലെ' 14 ന്

**കൊച്ചി:** ക്രിസ്തുമസിന്റെ വരവറിയിച്ചുകൊണ്ട് വൈപ്പിനിൽ 'ബിയോൺ നതാലെ' എന്ന പേരിൽ ആയിരത്തിലധികം ക്രിസ്മസ് പാപ്പാരുടെ മഹാസംഗമവും ക്രിസ്മസ് സന്ദേശ വിളമ്പര ഘോഷയാത്രയും നടത്തും. വാടേൽ സെന്റ് ജോർജ്ജ് ഇടവകയുടെ നേതൃത്വത്തിൽ ഡിസംബർ 14 ന് വൈകുന്നേരം അഞ്ച് മണിക്ക് വെളിയത്താംപറമ്പ് ജംഗ്ഷനിൽ നിന്നും ആരംഭിച്ച് വൈപ്പിൻ- മുനമ്പം സംസ്ഥാന പാതയിലൂടെ ക്രിസ്മസ് പാപ്പാമാർ അണിനിരക്കുന്ന ഘോഷയാത്ര വാടേൽ സെന്റ് ജോർജ്ജ് ദേവാലയത്തിൽ എത്തിച്ചേരും. തുറന്ന വാഹനങ്ങളിൽ അണിയിച്ചൊരുക്കിയ നിശ്ചല ദൃശ്യങ്ങളും ബാന്റ് മേളങ്ങളും വാദ്യഘോഷങ്ങളും വിളമ്പര ഘോയാത്രയ്ക്ക് കൂടുതൽ മിഴിവേകും. ക്രിസ്തുമസ് വിളമ്പര ഘോഷയാത്രയുടെ എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി ഇടവക വികാരി ഫാ. ഡെന്നി പെരിങ്ങാട്ട്, സഹവികാരി ഫാ. ജിക്സൺ ജോൺ ചേരിയിൽ എന്നിവർ അറിയിച്ചു.

## ക്രിസ്മസ് ആഘോഷം

**കൊച്ചി:** കാക്കനാട് മാർത്തോമ എഡ്യുക്കേഷൻ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന മാർത്തോമാ പബ്ലിക് സ്കൂൾ, കാക്കനാട്, മാർത്തോമ കിന്റർ ഗാർട്ടൻ വൈറ്റില എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ ഫെലിസ്റ്റ നബിദാദ് എന്ന പേരിൽ ക്രിസ്മസ് ആഘോഷം സംഘടിപ്പിക്കും. ഡിസംബർ 17 വൈകുന്നേരം 05.30 ന് കാക്കനാട് മാർത്തോമാ പബ്ലിക് സ്കൂളിൽ നടക്കുന്ന ആഘോഷം മലങ്കര ഓർത്തഡോക്സ് സിറിയൻ സഭ കൊച്ചി ഭദ്രാസനം മെത്രോപ്പോലീത്ത ഡോ. യാക്കോബ് മാർ ഐറിനിയോസ് ഉദ്ഘാടനം ചെയ്യും. പരിസ്ഥിതി സൗഹൃദ ക്രിസ്മസ് എന്ന ആശയത്തിലാണ് ആഘോഷം സംഘടിപ്പിക്കുന്നത്. വിവിധയിടങ്ങളിൽ നിന്നായി കുട്ടികൾ ശേഖരിച്ച നാലായിരത്തിലധികം പ്ലാസ്റ്റിക് കുപ്പികൾ ഉപയോഗിച്ച നിർമ്മിച്ച കൂറ്റൻ ക്രിസ്മസ് ട്രീയാണ് ആഘോഷത്തിലെ മറ്റൊരു പ്രധാന ആകർഷണം.

## പി.എസ്.സി അഭിമുഖം

**ആലപ്പുഴ:** ആലപ്പുഴ ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 (കാറ്റഗറി നം. 611/2024) തസ്തികയുടെ തെരഞ്ഞെടുപ്പിനായി ജൂലായ് 31ന് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട യോഗ്യരായ 88 ഉദ്യോഗാർഥികൾക്കായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആലപ്പുഴ ജില്ലാ ആഫീസിൽ വച്ച് ഡിസംബർ 17, 18, 19 തീയതികളിൽ അഭിമുഖം നടത്തും. ഉദ്യോഗാർഥികൾക്കുള്ള വ്യക്തിഗത അറിയിപ്പ് പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ വിവരം എസ്.എം.എസ്, പ്രൊഫൈൽ മെസേജ് എന്നിവ മുഖാന്തിരം അറിയിച്ചിട്ടുണ്ട്. ഉദ്യോഗാർഥികൾ വ്യക്തിവിവരക്കുറിപ്പ് പൂരിപ്പിച്ചതും ബന്ധപ്പെട്ട പ്രമാണങ്ങളുടെ അസ്സൽ, ഒ.റ്റി.ആർ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത സമയത്തും തീയതിയിലും പബ്ലിക് സർവ്വീസ് കമ്മിഷന്റെ ആലപ്പുഴ ജില്ലാ ഓഫീസിൽ നേരിട്ട് ഹാജരാകണം. ഫോൺ: 0477-2264134.

# സോമനി സെറാമിക്സ് കേരളത്തിൽ 'അറ്റ്ലിയർ ഷോറൂം' തുറന്നു



**കൊച്ചി:** ആഗോളതലത്തിൽ സെറാമിക് ടൈലുകളുടെയും ഭവനകെട്ടിട നിർമാണ സൊല്യൂഷനുകളുടെയും നിർമ്മാതാക്കളിൽ പ്രമുഖരായ സോമനി സെറാമിക്സ് ലിമിറ്റഡ് കായംകുളത്ത് തങ്ങളുടെ ഏറ്റവും പുതിയ ഫ്ളാഗ്ഷിപ്പ് അറ്റ്ലിയർ ഷോറൂം ആരംഭിച്ചതായി അറിയിച്ചു. പ്രതാപമൂട് ജെഎൻ മാർക്കറ്റ് റോഡിൽ സ്ഥിതി ചെയ്യുന്ന1000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സോമനി സ്റ്റുഡിയോ ഷോറൂമിനൊപ്പമാണ് 1200 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അറ്റ്ലിയർ സ്ഥാപിച്ചിരിക്കുന്നതെന്ന് കമ്പനി അറിയിച്ചു.

അറ്റ്ലിയർ ഷോറൂമിൽ കവർസ്റ്റോൺ സ്ലാബുകൾ, റെഗാലിയ ഫോർമാറ്റ് ജിവിടി സ്ലാബുകൾ, കൊളറാറ്റോ ശ്രേണി, വിവിധ മൊസൈക്കുകൾ, ചുവർച്ചിത്രങ്ങൾ, ക്ലാസിക് ഇറ്റാലിയൻ രൂപകൽപ്പനയെ പ്രതിഫലിപ്പിക്കുന്ന ഇറ്റാൽമാർമി ശേഖരം, പോർട്ടോ, സെഡിമെന്റോ ശ്രേണികൾ, ടൈൽ പശകളുടെയും ഗ്രൗട്ടുകളുടെയും ഇസഡ്‌വൈ ഫിക്സ് ഡിസ്പ്ലേ തുടങ്ങിയവ ലഭ്യമാണ്. അഞ്ച് പതിറ്റാണ്ടിലേറെയായി ഡിസൈൻ മികവിന്റെയും നവീകരണത്തിന്റെയും പര്യായമായ സോമനിയുടെ അറ്റ്ലിയർ ഷോറൂമിന്റെ ഉദ്ഘാടനം ഒരു പുതിയ ഇടം തുറക്കുന്നതിനപ്പുറം ഉപഭോക്തൃ അനുഭവത്തിൽ ഒരു പുതിയ മാനദണ്ഡം സൃഷ്ടിക്കുകയും ചെയ്യുന്നതായി സോമാനി സെറാമിക്സ് ലിമിറ്റഡ് ജോയിന്റ് പ്രസിഡന്റ് സുജിത് കുമാർ മൊഹന്തി പറഞ്ഞു.

# പുതിയ ഹോർലിക്സ് അവതരിപ്പിച്ചു




**കൊച്ചി :** ഹിന്ദുസ്ഥാൻ യൂണിലിവർ ലിമിറ്റഡ് (എച്ച്‌യുഎൽ) സൂപ്പർഫുഡുകളുടെയും പ്രൊപ്രൈറ്ററി ന്യൂട്രിമാക്സ് സാങ്കേതികവിദ്യയുടെയും മിശ്രിതത്തോടെ പുതിയ ഹോർലിക്സ് പുറത്തിറക്കി. ഇത് മെച്ചപ്പെട്ട രീതിയിലുള്ള പോഷക ആഗിരണത്തിന് സഹായിക്കുകയും പോഷക ഗുണങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണെന്ന് കമ്പനി അധികൃതർ അറിയിച്ചു.

സൂപ്പർഫുഡുകൾ, മാൾട്ടഡ് ബാർലി, തിന, ഓട്സ്, ബദാം എന്നിവയുടെ മിശ്രിതത്തോടെയാണ് തീർത്തും പുതിയ ഹോർലിക്സ് രൂപപ്പെടുത്തിയിരിക്കുന്നത്. ഹിന്ദുസ്ഥാൻ യൂണിലിവർ ലിമിറ്റഡിന് മാത്രം അവകാശപ്പെട്ട ന്യൂട്രിമാക്സ് സാങ്കേതികവിദ്യയാണ് നവീകരിച്ച ഈ ഹോർലിക്സിന്റെ കാതൽ. പുതിയ ഹോർലിക്സ് സീറോ ആഡഡ് ഷുഗർ വേരിയന്റിലും അതേ രുചിയിൽ ലഭ്യമാണ്. ഹോർലിക്സ് വിത്ത് സൂപ്പർഫുഡ്സ് ഇപ്പോൾ തമിഴ്നാട്ടിലെയും കേരളത്തിലെയും റീട്ടെയിൽ സ്റ്റോറുകളിലും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും ലഭ്യമാണ്.

# യുടിഐ മിഡ് ക്യാപ് ഫണ്ട്: ആസ്തികൾ 12,000 കോടി രൂപ

**കൊച്ചി:** യുടിഐ മിഡ് ക്യാപ് ഫണ്ട് കൈകാര്യം ചെയ്യുന്ന ആകെ ആസ്തികൾ 12,000 കോടി രൂപയിലെത്തിയതായി 2025 നവംബർ 30 ലെ കണക്കുകൾ സൂചിപ്പിക്കുന്നു. 2004 ഏപ്രിൽ ഏഴിനാണ് പദ്ധതി നിലവിൽ വന്നത്. പദ്ധതിയുടെ 72 ശതമാനം നിക്ഷേപവും മിഡ് ക്യാപ് കമ്പനികളിലും 20 ശതമാനം സ്മോൾ കാപ് കമ്പനികളിലും ശേഷിക്കുന്നത് ലാർജ് ക്യാപ് കമ്പനികളിലുമാണെന്ന് നവംബർ 30ലെ കണക്കുകൾ ചൂിക്കാട്ടുന്നു. പോളികാബ് ഇന്ത്യ, ഫ്യൂണിക്സ് മിൽസ്, പെർസിസ്റ്റൻറ് സിസ്റ്റംസ്, മാക്സ് ഫിനാൻഷ്യൽ സർവ്വീസസ്, കോഫോർജ്, ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, ഹീറോ മോട്ടോകോർപ്, അജന്ത ഫാർമ, ട്യൂബ് ഇൻവെസ്റ്റ്മെന്റ്സ് ഓഫ് ഇന്ത്യ എന്നിവയാണ് പദ്ധതിയുടെ നിക്ഷേപം ഏറ്റവും കൂടുതലുള്ള കമ്പനികൾ, ഇവ ആകെ നിക്ഷേപത്തിന്റെ 22 ശതമാനം വരും. തങ്ങളുടെ മുഖ്യ ഓഹരി നിക്ഷേപത്തിനു പിന്തുണ നൽകുന്ന വിധത്തിൽ മിഡ് ക്യാപ് കമ്പനികളിൽ മുഖ്യമായി നിക്ഷേപിക്കുന്നതിൽ താൽപര്യമുള്ള നിക്ഷേപകരെ സംബന്ധിച്ച് അനുയോജ്യമായ പദ്ധതിയാണ് യുടിഐ മിഡ് ക്യാപ് ഫ് എന്നാണ് വിദഗദ്ധർ ചൂിക്കാട്ടുന്നത്.

# പുതുതലമുറ കിയ സെൽറ്റോസ് വിപണിയിൽ




**കൊച്ചി :** ദക്ഷിണ കൊറിയൻ കാർ നിർമ്മാതാക്കളായ കിയയുടെ പുതുതലമുറ സെൽറ്റോസ് ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. ബ്രാൻഡിന്റെ മിഡ് സൈസ് എസ്‌യുവിയാണ് വിൽപ്പനയ്ക്ക് എത്തുന്നത്. കൂടുതൽ ആകർഷകമായ ഡിസൈൻ, പ്രീമിയം ഇന്റീരിയർ, മെച്ചപ്പെട്ട സുരക്ഷ, പുരോഗമന സാങ്കേതികവിദ്യ എന്നിവയോടെ പുതിയ സെൽറ്റോസ് എത്തുന്നത്. മികച്ച ഡ്രൈവ് അനുഭവത്തിന് സ്മാർട്ട് സ്ട്രീം G1.5, 1.5 T-GDI, 1.5 CRDi എന്നിങ്ങനെ മൂന്ന് എൻജിൻ ഓപ്ഷനുകളും 6MT, 6iMT, IVT, 7DCT & 6AT ട്രാൻസ്മിഷൻ ഓപ്ഷനുകളും ലഭ്യമാണെന്ന് കമ്പനി അധികൃതർ അവകാശപ്പെട്ടു.

കിയയുടെ പുതിയ സെൽറ്റോസിന് കിയയുടെ നൂതനമായ ടൈഗർ നോസ് ഗ്രില്ലും പുതിയ ബമ്പറും ലഭിക്കും. രു വശങ്ങളിലായി പോപ്പ്ഔട്ട് ഡോർ ഹാൻഡിലുകളും, പുതിയ എയറോ ഓറിയന്റഡ് വീലുകളും, പിൻഭാഗത്ത് കണക്റ്റുചെയ്ത ലംബ ടെയിൽ ലാമ്പുകളും കാറിന് തികച്ചും പുതിയൊരു രൂപം നൽകുന്നു. പുതിയ സെന്റർ കൺസോൾ, 12.3 ഇഞ്ച് വലിയ ഡ്യുവൽ ഡിസ്‌പ്ലേകൾ, പുതിയ ത്രീസ്‌പോക്ക് കിയ സ്റ്റിയറിംഗ് വീൽ, പനോരമിക് സൺറൂഫ് എന്നിവയാണ് മറ്റു പ്രത്യേകതകൾ. മൊത്തത്തിലുള്ള നീളം 4.46 മീറ്ററാണ്.ഡ്യുവൽസോൺ ക്ലൈമറ്റ് കൺട്രോൾ, ബോസ് സൗണ്ട് സിസ്റ്റം, ലെവൽ2 ADAS, പനോരമിക് സൺറൂഫ്, HUD, കണക്റ്റഡ് കാർ ടെക്നോളജി, ആംബിയന്റ് ലൈറ്റിങ്, പൂർണ്ണഎൽഇഡി ലൈറ്റ് പാക്കേജ് എന്നിവയാണ് മറ്റു ഫീച്ചറുകൾ. സുരക്ഷാ പാക്കേജിൽ ആറ് എയർബാഗുകൾ, EBD ഉള്ള ABS, സ്റ്റെബിലിറ്റി പ്രോഗ്രാം, ഹിൽസ്റ്റാർട്ട് അസിസ്റ്റ് എന്നിവ ഉൾപ്പെടുന്നു.രണ്ടാം തലമുറ സെൽറ്റോസിന് കിയയുടെ ഏറ്റവും പുതിയ ടൈഗർ നോസ് ഗ്രില്ലും പൂർണ്ണമായും പുതിയ ബമ്പറും ലഭിക്കും. പൂർണ്ണമായി പുതിയൊരു മുഖമാണ് ഇത് അവതരിപ്പിക്കുക.

അതേസമയം വശങ്ങളിൽ പോപ്പ്ഔട്ട് ഡോർ ഹാൻഡിലുകളും പുതിയ എയറോഓറിയന്റഡ് വീലുകളും ഉണ്ട്. പിൻഭാഗത്ത് കണക്റ്റുചെയ്ത ലംബ ടെയിൽ ലാമ്പുകൾ ഉണ്ട്. ഇത് കാറിന് തികച്ചും പുതിയൊരു രൂപം നൽകുന്നു. പുതിയ സെന്റർ കൺസോൾ, 12.3 ഇഞ്ച് വലിയ ഡ്യുവൽ ഡിസ്‌പ്ലേകൾ, പുതിയ ത്രീസ്‌പോക്ക് കിയ സ്റ്റിയറിംഗ് വീൽ, പനോരമിക് സൺറൂഫ് എന്നിവയാണ് മറ്റു പ്രത്യേകതകൾ. മൊത്തത്തിലുള്ള നീളം 4.46 മീറ്ററാണ്. പുതിയ സെൽറ്റോസ്സിന്റെ വില 2026 ജനുവരി 2 ന് പ്രഖ്യാപിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഡിസംബർ 11 രാത്രി 12 മണിമുതൽ രാജ്യത്തുടനീളം ബുക്കിംഗുകൾ ആരംഭിക്കും.25,000 രൂപയാണ് പ്രാരംഭ ബുക്കിംഗ് തുക

# 'ഓറഞ്ച്' തീമുമായി എക്സ്കോൺ 2025ൽ ടാറ്റ ഹിറ്റാച്ചി പവലിയൻ




**കൊച്ചി:** ആഗോള യന്ത്ര നിർമ്മാതാക്കളായ ടാറ്റ ഹിറ്റാച്ചി ബംഗളൂരുവിൽ നടക്കുന്ന ദക്ഷിണേഷ്യയിലെ ഏറ്റവും വലിയ നിർമ്മാണ ഉപകരണ പ്രദർശനമായ ഇക്സോൺ 2025 ൽ 'വിശ്വസനീയമായ ഓറഞ്ച്' എന്ന തീമിൽ പവലിയൻ തുറന്നു. ഹിറ്റാച്ചി കൺസ്ട്രക്ഷന്റെ ജപ്പാനിലെ മെഷിനറി റെപ്രസന്റേറ്റിവ് എക്സിക്യൂട്ടീവ് ഓഫീസറും പ്രസിഡന്റും സിഒയുമായ മസാഫുമി സെൻസാക്കി പവലിയൻ ഉദ്ഘാടനം ചെയ്തു.

ഇക്സോൺ 2025ൽ ടാറ്റ ഹിറ്റാച്ചി സാക്സിസ് 890, സോളാർ പാനൽ ലിഫ്റ്റർ, ക്രഷർ ബക്കറ്റ്, ഇഎക്സ്210എൽസി ഇലക്ട്രിക്, 33ഇ ഇലക്ട്രിക്, ക്രഷർ ബക്കറ്റ്, സ്മാർട്ട് എസ്.എം റോക്ക് ബ്രേക്കർ, മാഗ്നം സീരീസ് റോക്ക് ബ്രേക്കർ, റിപ്പർ ടൂത്ത്, ടിൽറ്റ് കപ്ലർ, മിനി എക്സ്കവേറ്റർ ഗ്രാപ്പിൾ തുടങ്ങിയ മെഷീനുകളും അറ്റാച്ചുമെന്റുകളും പുറത്തിറക്കി. 'വിശ്വസനീയമായ ഓറഞ്ച്' എന്ന തീം വിശ്വാസം, എഞ്ചിനീയറിംഗ് മികവ്, ഉപഭോക്തൃ പ്രതിബദ്ധത എന്നിവയുടെ പാരമ്പര്യത്തിൽ നിർമ്മിച്ച ടാറ്റ ഹിറ്റാച്ചിയുടെ വിശ്വാസ്യത, നവീകരണം, സ്ഥിരതയുള്ള പ്രകടനം എന്നിവയെക്കുറിച്ചുള്ള അചഞ്ചലമായ വാഗ്ദാനത്തെ എടുത്തുകാണിക്കുന്നതായി കമ്പനി അധികൃതർ പറയുന്നു.

ടാറ്റ ഹിറ്റാച്ചിയുമായുള്ള സഹകരണം ലോകോത്തര യന്ത്രസാമഗ്രികളും വിശ്വസനീയമായ പിന്തുണയും വഴി ഇന്ത്യൻ ഉപഭോക്താക്കളുടെ പ്രതീക്ഷകൾ നിറവേറ്റാൻ തങ്ങളെ പ്രാപ്തരാക്കുന്നതായി മസാഫുമി സെൻസാക്കി പറഞ്ഞു. 60 വർഷത്തിലേറെ നീ ഒരുമിച്ചുള്ള യാത്രയിൽ ഉപഭോക്തൃ കേന്ദ്രീകൃത തത്ത്വചിന്ത തങ്ങളെ മികച്ച നിലയിൽ നിർത്തിയെന്ന് ടാറ്റ ഹിറ്റാച്ചി മാനേജിംഗ് ഡയറക്ടർ സന്ദീപ് സിംഗ് പറഞ്ഞു.

# കൊച്ചി ബിനാലെ വിദ്വേഷത്തിനെതിരായ രാഷ്ട്രീയ മാനം : മുഖ്യമന്ത്രി



**കൊച്ചി:** വിദ്വേഷത്തിനും കലാപത്തിനും വംശഹത്യയെ പ്രേരിപ്പിക്കാനും കലയെ ഉപയോഗിക്കുന്ന കാലത്ത് അതിനെ ചെറുക്കാനുള്ള നിലമൊരുക്കാൻ കൊച്ചി മുസിരിസ് ബിനാലെയ്ക്ക് കഴിയണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഫോർട്ട് കൊച്ചി പരേഡ് ഗ്രൗണ്ടിൽ കൊച്ചി ബിനാലെ ആറാം ലക്കം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രത്യേകം സജ്ജമാക്കിയ കുരുത്തോല വിളക്ക് കൊളുത്തിയാണ് മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിച്ചത്.

കലയെ ഉപയോഗിച്ച് സംസ്ഥാനത്തെ താറടിച്ച് കാണിക്കാനുള്ള സംഘടിതമായ ശ്രമങ്ങൾക്ക് ദേശീയ അംഗീകാരം നൽകുന്നതാണ് വർത്തമാനകാല കാഴ്ചയെന്ന് മുഖ്യമന്ത്രി പറഞ്ഞു. കേരളത്തെ താറടിക്കുന്ന സിനിമകൾക്ക് അംഗീകാരം നൽകിയതിലൂടെ പുരസ്ക്കാരങ്ങളുടെ പ്രാധാന്യം തന്നെ ചോദ്യം ചെയ്യപ്പെടുകയാണ്. ഇത്തരം കാര്യങ്ങൾ ചെറുക്കപ്പെടാനുള്ള ശ്രമങ്ങൾക്ക് നിലമൊരുക്കാൻ ബിനാലെയ്ക്ക് കഴിയണം. വൈവിധ്യങ്ങളെ തച്ചുടച്ച് കൊണ്ടുള്ള പ്രതിലോമകരമായ ആശയങ്ങൾ നടപ്പാക്കാൻ ഛിദ്രശക്തികൾ തുനിയുകയാണ്. ഇതിനെതിരെ കലാപരമായ ചെറുത്ത് നിൽപ്പ് അനിവാര്യമാണ്. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ബിനാലെയ്ക്ക് കഴിയണം. അതാണ് ബിനാലെയുടെ രാഷ്ട്രീയ മാനമെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

മന്ത്രി പി. രാജീവ്, ഹൈബി ഈഡൻ എം.പി, എം.എൽ.എമാരായ ടി. ജെ വിനോദ്, കെ. ജെ മാക്സി, മേയർ എം. അനിൽകുമാർ, സിപിഐ(എം) ജന. സെക്രട്ടറി എം. എ ബേബി, മുൻ മന്ത്രി കെ. വി തോമസ്, മ്യൂസിയം പുരാരേഖ വകുപ്പ് അഡി. ചീഫ് സെക്രട്ടറി രാജൻ ഖൊബ്രഗഡെ, ടൂറിസം സെക്രട്ടറി കെ. ബിജു, ഡയറക്ടർ ശിഖാ സുരേന്ദ്രൻ, കെ.എം.ബി പേട്രൺ എം. എ യൂസഫലി തുടങ്ങിയവർ സംബന്ധിച്ചു.

# ഐ ട്രിപ്പിൾ ഇ മാപ്കോൺ 14 മുതൽ 18 വരെ കൊച്ചിയിൽ

**കൊച്ചി:** ഐ ട്രിപ്പിൾ ഇ മൈക്രോവേവ്സ്, ആന്റിനാസ് ആന്റ് പ്രൊപാഗേഷൻ കോൺഫറൻസ് (മാപ്കോൺ) ഡിസംബർ 14 മുതൽ 18 വരെ കൊച്ചി ലുലു ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിലും ഗ്രാൻഡ് ഹയാത്ത് ബോൽഗട്ടിയിലും നടക്കും. മൈക്രോവേവ് തിയറി ആന്റ് ടെക്നോളജി സൊസൈറ്റിയും ആന്റിനാസ് ആന്റ് പ്രൊപഗേഷൻ സൊസൈറ്റിയും സംയുക്തമായി നടത്തുന്ന മാപ്കോൺ ഐട്രിപ്പിൾ ഇ ഇ.എം.സി.എസ്, ഐ ട്രിപ്പിൾ ഇ.ജി.ആർ.എസ്.എസ് എന്നിവയുടെ പിന്തുണയോടെയാണ് നടത്തുന്നത്. ആർ.എഫ്, മൈക്രോവേവ്, ആന്റിന, ഇലക്ട്രോമാഗ്നറ്റിക്സ്, വയർലെസ് സിസ്റ്റം, പ്രതിരോധ സാങ്കേതികവിദ്യകൾ, ബഹിരാകാശ പ്രയോഗങ്ങൾ തുടങ്ങിയ മേഖലകളിലെ ശാസ്ത്രജ്ഞർ, എഞ്ചിനീയർമാർ, ഗവേഷകർ, വ്യവസായ നേതാക്കൾ എന്നിവരുടെ ആഗോള സംഗമമായിരിക്കും കൊച്ചിയിലെ സമ്മേളനം.

സ്പേസ് ഡിപ്പാർട്ട്മെന്റ് സെക്രട്ടറിയും ഐ.എസ്.ആർ.ഒ ചെയർമാനുമായ ഡോ. വി.നാരായണൻ, ഡിഫൻസ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് വകുപ്പ് സെക്രട്ടറിയും ഡി.ആർ.ഡി.ഒ ചെയർമാനുമായ ഡോ. സമീർ വി. കമത്ത് എന്നിവർ മുഖ്യരക്ഷാധികാരികളുമായിട്ടാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജി (ഐ.ഐ.എസ്.ടി) അക്കാദമി പാർട്ണറായ സമ്മേളനത്തിൽ ഐ.ഐ.എസ്.ടി വൈസ് ചാൻസലർ പ്രൊഫ. ദിപങ്കർ ബാനർജി, ഡി.ആർ.ഡി.ഒ.ഇ.സി.എസ്.ഡി.ജി ഡോ. ബി.കെ ദാസ് എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ പ്രഭാഷണം നടത്തും. 40 രാജ്യങ്ങളിൽ നിന്ന് 1,500ലധികം പങ്കാളികളെയാണ് പ്രതീക്ഷിക്കുന്നത്.

അമേരിക്ക, യൂറോപ്പ്, യു. കെ, ഓസ്ട്രേലിയ, ഏഷ്യ പസഫിക്, മിഡിൽ ഈസ്റ്റ്, ആഫ്രിക്ക എന്നിവിടങ്ങളിൽ നിന്നുള്ള പ്രമുഖ സ്ഥാപനങ്ങളും ഐ. എസ്.ആർ.ഒ,ഡി.ആർ.ഡി.ഒ, ഐ.ഐ.എസ്.ടി തുടങ്ങി ഇന്ത്യയിലെ എല്ലാ പ്രധാന ശാസ്ത്ര ഗവേഷണ കേന്ദ്രങ്ങൾ, വ്യവസായങ്ങൾ, സ്റ്റാർട്ടപ്പുകൾ, ആയിരക്കണക്കിന് വിദ്യാർഥികൾ എന്നിവരും പങ്കെടുക്കും. സമ്മേളനത്തിന് മുൻപുള്ള ഒരു ദിവസം, പ്രമുഖ സർവകലാശാലകളിലെ പ്രൊഫസർമാരും ഗവേഷണ കേന്ദ്രങ്ങളിലെ ശാസ്ത്രജ്ഞരും നടത്തുന്ന പന്ത്രണ്ട് ഹാഫ്ഡേ ട്യൂട്ടോറിയലുകൾ ഉണ്ടാകും. ആഫ്രിക്കൻ ഗവേഷകരുടെ പങ്കാളിത്തം വർധിപ്പിക്കാൻ ഈ വർഷം ആഫ്രിക്കൻ ഇനീഷ്യേറ്റീവ് പ്രോഗ്രാം അവതരിപ്പിക്കും. തെരഞ്ഞെടുക്കുന്ന പത്ത് ശാസ്ത്രജ്ഞർക്ക് സാമ്പത്തിക പിന്തുണ നൽകും.

# ആമസോൺ കേന്ദ്രസർക്കാർ വകുപ്പുകളുമായി കൈകോർക്കുന്നു

**കൊച്ചി:** പരമ്പരാഗത കരകൗശല വിദഗ്ദ്ധർ, വനിതാ നേതൃത്വത്തിലുള്ള സംരംഭങ്ങൾ, വളർന്നു വരുന്ന സ്റ്റാർട്ടപ്പുകൾ, ഗവേഷണ പിന്തുണയോടെയുള്ള പുതുമയുള്ള മേഖലകൾ തുടങ്ങിയവയെ പിന്തുണക്കാനായി കേന്ദ്ര സർക്കാരിന്റെ വിവിധ സ്ഥാപനങ്ങളുമായി ആമസോൺ ഇന്ത്യ സഹകരിക്കും. എം.എസ്.എം.ഇ മന്ത്രാലയം, വ്യവസായ, ആഭ്യന്തര വ്യാപാര പ്രോൽസാഹന വകുപ്പ്, റയിൽവേ മന്ത്രാലയത്തിനു കീഴിലുള്ള ഗതി ശക്തി വിശ്വവിദ്യാലയ തുടങ്ങിയവയുമായി സഹകരിച്ച് വിപണിയിലെ സ്വാധീനം വിപുലമാക്കുക, ശേഷി വികസിപ്പിക്കുക, രാജ്യത്തിന്റെ സാമ്പത്തിക മുൻഗണനകൾക്കായി അർത്ഥവത്തായ സംഭാവനകൾ നൽകുക തുടങ്ങിയവയാണ് ലക്ഷ്യമിടുന്നത്.

കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുമായി അടുത്തു പ്രവർത്തിച്ച് കരകൗശല വിദഗ്ദ്ധർ, സംരംഭകർ, വളർന്നു വരുന്ന ലോജിസ്റ്റിക് സംവിധാനം തുടങ്ങിയവയ്ക്ക് പിന്തുണ നൽകുവാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് ആമസോൺ ഇന്ത്യ കൺട്രി മാനേജർ സമീർ കുമാർ പറഞ്ഞു. ഇന്ത്യയുടെ ദീർഘകാല വികസനത്തിന് സംഭാവന ചെയ്യുന്ന അവസരങ്ങളാണ് ഈ സഹകരണമെന്നും അദ്ദേഹം ചൂക്കാട്ടി. പി.എം വിശ്വകർമ്മ പദ്ധതിക്കു പിന്തുണ നൽകാനായി ആമസോൺ ഇന്ത്യ എം.എസ്.എം.ഇ മന്ത്രാലയവുമായും സഹകരിക്കുന്നുണ്ട്. അവസരങ്ങൾ, പരിശീലനം, വിപണി എന്നിവ വിപുലമാക്കി രാജ്യത്തെ പരമ്പരാഗത കരകൗശല വിദഗ്ദ്ധരെ ശക്തരാക്കുകയാണ് പിഎം വിശ്വകർമ്മ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് എംഎസ്എംഇ മന്ത്രാലയം അഡീഷണൽ സെക്രട്ടറിയും ഡെവലപ്മെൻറ് കമ്മീഷണറുമായ ഡോ. രജനീഷ് ചൂിക്കാട്ടി. ആമസോണുമായുള്ള സഹകരണം ഇവരെ പിന്തുണക്കുമെന്നും അദ്ദേഹം ചൂിക്കാട്ടി.

# ഏകദിന സെമിനാർ നടത്തി




**കൊച്ചി:** ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഇൻഡസ്ട്രിയൽ എഞ്ചിനീയറിംഗ് കേരള ചാപ്റ്ററും കേരള സ്റ്റേറ്റ് പ്രൊഡക്റ്റിവിറ്റി കൗൺസിലും സംയുക്തമായി റീ ഇമാജിനിംഗ് വർക്ക്സ്- പ്രിപെയറിംഗ് ഫോർ ദി ന്യൂ വേവ് ഓഫ് ട്രാൻസിഷൻ എന്ന വിഷയത്തിൽ ഏകദിന സെമിനാർ നടത്തി. കൊച്ചി പാലാരിവട്ടം ഹോട്ടൽ മൺസൂൺ എമ്പ്രസ്സിൽ നടന്ന സെമിനാർ കെ.എസ്.ഐ.ഡി.സി ചെയർമാൻ സി. ബാലഗോപാൽ ഉദ്ഘാടനം ചെയ്തു. ദേശീയ അഭിവൃദ്ധിക്ക് ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് സി.ബാലഗോപാൽ പറഞ്ഞു.

ഏത് നിക്ഷേപങ്ങളെക്കാളും ഉയർന്ന വരുമാനം നൽകുന്നത് സ്ഥാപനത്തിന്റെ പരിശീലനവികസന പ്രവർത്തനങ്ങളിലും ഗവേഷണവികസന പ്രവർത്തനങ്ങളിലുമുള്ള നിക്ഷേപങ്ങളാണെന്നും ബാലഗോപാൽ വ്യക്തമാക്കി. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെ ലഭിക്കുന്ന നേട്ടങ്ങൾ സ്ഥാപനത്തിന്റെ പരിശീലനവികസന പ്രവർത്തനങ്ങൾക്കും ഗവേഷണവികസന പ്രവർത്തനങ്ങൾക്കും ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡസ്ട്രിയൽ എഞ്ചിനീയേഴ്സ് നാഷണൽ ചെയർമാൻ ഡോ. എ.വി.വി പ്രസാദ രാജു യോഗത്തിൽ അധ്യക്ഷത വഹിച്ചു. കെ.എസ്.പി.സി ചെയർമാൻ എം. ജമാൽ കുഞ്ഞ് ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തി. യോഗത്തിൽ ഡോ. ജോർജ് സ്ലീബ, പി ബിനിലാൽ തുടങ്ങിയവർ സംസാരിച്ചു. കേരളത്തിലെ 55 പ്രമുഖ സ്ഥാപനങ്ങളിൽ നിന്നായി 120ൽ അധികം പ്രതിനിധികൾ സെമിനാറിൽ പങ്കെടുത്തു.

# കോഗ്നിസന്റിന്റെ അത്യാധുനിക എ.ഐ ലാബ്

**ബംഗളൂരു:** എന്റർപ്രൈസ് ട്രാൻസ്ഫോർമേഷന് വേഗത കൂട്ടാനും ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്താനും ലക്ഷ്യമിട്ട് കോഗ്നിസന്റ് ഇന്ത്യയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ലാബും കോഗ്നിസന്റ് മൊമെന്റ് സ്റ്റുഡിയോയും ആരംഭിച്ചു. ബംഗളൂരുവിലാണ് ഈ നൂതന ഇന്നൊവേഷൻ ഹബ്ബ് സ്ഥാപിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷം പ്രഖ്യാപിച്ച, ജനറേറ്റീവ് എ.ഐ ലെ ഒരു ബില്യൺ ഡോളർ നിക്ഷേപ പ്രതിബദ്ധതയുടെ ഭാഗമായാണ് ഈ സംരംഭം. സാൻ ഫ്രാൻസിസ്കോയിലെ കോഗ്നിസന്റ് എഐ ലാബിന്റെ തുടർച്ചയായാണ് ഇന്ത്യയിലെ ലാബും പ്രവർത്തിക്കുക. വിശ്വസ്തതയും മനുഷ്യ കേന്ദ്രീകൃതവുമായ രൂപകൽപ്പനയോടൊപ്പം മൾട്ടിഏജന്റ് സിസ്റ്റങ്ങളെ സംയോജിപ്പിച്ച്, വിശ്വസനീയമായ എന്റർപ്രൈസ് തീരുമാനമെടുക്കുന്നതിനുള്ള ഇന്റലിജന്റ് സിസ്റ്റങ്ങൾ സൃഷ്ടിക്കാൻ ഞങ്ങളുടെ ഇന്ത്യ എഐ ലാബും സ്റ്റുഡിയോയും സഹായിക്കുമെന്ന് കോഗ്നിസന്റ് സി.ഇ.ഒ എസ്. രവി കുമാർ പറഞ്ഞു.

# ശൈത്യകാലത്ത് ചർമത്തിന്റെ പരിപാലനം ഉറപ്പാക്കാൻ ക്യാമ്പയിൻ

**കൊച്ചി:** ശൈത്യകാലത്ത് ചർമത്തിന്റെ ശരിയായ പരിപാലനം ഉറപ്പാക്കണമെന്ന ആഹ്വാനവുമായി ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ പുതിയ ക്യാമ്പയിൻ പ്രഖ്യാപിച്ചു. വരണ്ടതും, മങ്ങിയതും, സെൻസിറ്റീവുമായ ചർമ്മമാണ് തണുപ്പുകാലത്ത് പലരും നേടിരുന്ന ഒരു പ്രശ്നം. തണുത്ത കാറ്റ് ചർമത്തിൽ നിന്ന് ഈർപ്പം വലിച്ചെടുക്കുകയും, അത് അടർന്നുപോകാനും അസ്വസ്ഥതകൾ ഉണ്ടാക്കാനും വഴിയൊരുക്കുകയും ചെയ്യും.

ചർമത്തിൽ പുരട്ടുന്ന ലേപനങ്ങൾ സഹായിക്കുമെങ്കിലും, ശാശ്വതമായ പോഷണം ഉള്ളിൽ നിന്നാണ് ആരംഭിക്കുന്നത്. ശരീരത്തിന് ശരിയായ ഭക്ഷണങ്ങൾ നൽകുന്നതിലാണ് ശൈത്യകാലത്തെ ചർമ സംരക്ഷണത്തിനുള്ള ഏറ്റവും ഫലപ്രദമായ സമീപനം അടങ്ങിയിരിക്കുന്നതെന്ന് പോഷകാഹാര വിദഗ്ധയായ റിതിക സമാദ്ദാർ ക്യാമ്പയിനിൽ വിശദീകരിക്കുന്നു. പ്രോട്ടീൻ, ആരോഗ്യകരമായ കൊഴുപ്പുകൾ, വിറ്റാമിൻ ഇ, ഒമേഗ3 എന്നിവയാൽ സമ്പന്നമായ കാലിഫോർണിയൻ ബദാം പോലുള്ളവ ഇതിനായി ഭക്ഷണത്തിൽ ഉൾപ്പെടുത്തണം. ദിവസേനയുള്ള ഭക്ഷണത്തിൽ ബദാം ഉൾപ്പെടുത്തുന്നത് ചർമത്തെ ഉള്ളിൽ നിന്ന് പോഷിപ്പിക്കാൻ സഹായിക്കും, ഇത് കഠിനമായ കാലാവസ്ഥയിലും ചർമം മൃദുവായി, ജലാംശം നിലനിർത്തി, ആരോഗ്യത്തോടെ ഇരിക്കാൻ സഹായിക്കുമെന്നും അവർ പറഞ്ഞു. ചർമത്തിന്റെ ആരോഗ്യത്തെ വിവിധ രീതികളിൽ പിന്തുണയ്ക്കുന്ന അവശ്യ പോഷകങ്ങളുടെ ഒരു കലവറ കൂടിയാണ് ബദാം.

# കൊച്ചിമുസിരിസ് ബിനാലെ തുടങ്ങി; പൊതുജനങ്ങൾക്ക് ഇന്ന് മുതൽ പ്രവേശനം

**കൊച്ചി:** ദക്ഷിണേഷ്യയിലെ ഏറ്റവും വലിയ സമകാലിക കലാമേളയായ കൊച്ചിമുസിരിസ് ബിനാലെയുടെ ആറാം ലക്കത്തിന് തുടക്കമായി. പൊതുജനങ്ങൾക്ക് ഇന്ന് മുതൽ പ്രദർശനം കാണാവുന്നതാണ്. 18 മുതൽ 60 വയസ്സുവരെയുള്ളവർക്ക് 200 രൂപയാണ് ഒരു ദിവസത്തെ ടിക്കറ്റ് നിരക്ക്. തിരിച്ചറിയൽ കാർഡ് ഹാജരാക്കുന്ന വിദ്യാർഥികൾക്കും 60 വയസ്സിൽ മേൽ പ്രായമുള്ള മുതിർന്നവർക്കും 100 രൂപയാണ് നിരക്ക്. പത്തു വയസ്സുവരെയുള്ള കുട്ടികൾക്ക് പ്രവേശനം സൗജന്യമാണ്. ഇതിനുപുറമെ ഒരാഴ്ചത്തേക്കുള്ള ടിക്കറ്റും ലഭ്യമാണ്. വ്യക്തിഗതമായോ ഗ്രൂപ്പായോ ഈ ടിക്കറ്റുകൾ വാങ്ങാം. വയോജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഒരാഴ്ചത്തേക്ക് 500 രൂപയാണ് ടിക്കറ്റ് നിരക്ക്.



മറ്റുള്ളവർക്ക് 1000 രൂപയും. ആസ്പിൻവാൾ ഹൗസ് (കയർ ഗോഡൗൺ, ഡയറക്ടേഴ്സ് ബംഗ്ലാവ്), ആനന്ദ് വെയർഹൗസ്, എസ്എംഎസ് ഹാൾ, 111 മർക്കസ് ആൻഡ് കഫെ, ദർബാർ ഹാൾ(നിലവിൽ സൗജന്യം), പെപ്പർ ഹൗസ്, സ്പേസ് (ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ്) ഐലന്റ് വെയർഹൗസ് എന്നിവിടങ്ങളിലെ പ്രദർശനങ്ങൾക്ക് ടിക്കറ്റ് നിർബന്ധമാണ്. ആകെയുള്ള 22 വേദികളിൽ ബാക്കിയുള്ളവയിലെ പ്രദർശനങ്ങൾ സൗജന്യമാണ്. ബിനാലെ പ്രദർശനങ്ങൾക്ക് പുറമെ ഇൻവിറ്റേഷൻസ് കലാപ്രദർശനങ്ങൾ, സ്റ്റുഡന്റ്സ് ബിനാലെ, കൊളാറ്ററൽ പ്രദർശനങ്ങൾ എന്നിവയുമുണ്ട്. കൊച്ചി മുസിരിസ് ബിനാലെ ആറാം ലക്കത്തിൽ 25ലധികം രാജ്യങ്ങളിൽ നിന്നുള്ള 66 ആർട്ടിസ്റ്റ് പ്രോജക്റ്റുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇൻവിറ്റേഷൻസ്, സ്റ്റുഡന്റ്സ് ബിനാലെ, ആർട്ട് ബൈ ചിൽഡ്രൻ, ഇടം തുടങ്ങിയ വിഭാഗങ്ങൾ ഡിസംബർ 13ന് ആരംഭിച്ച് 2026 മാർച്ച് 31 വരെ നീണ്ടുനിൽക്കും.

ഇത്തവണ വില്ലിംഗ്ടൺ ഐലൻഡിലെ ഐലൻഡ് വെയർഹൗസിലേക്കും ബിനാലെ വേദികൾ വ്യാപിപ്പിച്ചിട്ടുണ്ട്. വാട്ടർ മെട്രോ, ഫെറി, റോഡ് മാർഗങ്ങളിൽ ഇവിടെ എത്തിച്ചേരാം. ഗ്ലോബൽ സൗത്തിൽ നിന്നുള്ള സാംസ്കാരിക ആവാസവ്യവസ്ഥയെ നിലനിർത്തുന്ന കലാകാരന്മാർ കൂട്ടായ്മകൾ എന്നിവയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിന് ആരംഭിച്ച 'ഇൻവിറ്റേഷൻസ് പ്രോഗ്രാം' ഇത്തവണ ഏഴ് വേദികളിലായി വിപുലമായി നടക്കുന്നുണ്ട്. ആലീസ് യാർഡ് (ട്രിനിഡാഡ് ആൻഡ് ടുബാഗോ), അൽകാസി കളക്ഷൻ ഓഫ് ഫോട്ടോഗ്രഫിയുമായി സഹകരിച്ച് അൽകാസി തിയേറ്റർ ആർക്കൈവ്സ് (ഇന്ത്യ), ബിയെനാൽ ദാസ് ആമസോണിയാസ് (ബ്രസീൽ), കോൺഫ്ലിക്റ്റോറിയം (ഇന്ത്യ), ദാർ യൂസഫ് നസ്രി ജാസിർ ഫോർ ആർട്ട് ആൻഡ് റിസർച്ച് (പാലസ്തീൻ), ഗെട്ടോ ബിനാലെ (ഹെയ്തി), ഖോജ് ഇന്റർനാഷണൽ ആർട്ടിസ്റ്റ്സ് അസോസിയേഷൻ (ഇന്ത്യ), മ്യൂസിയോ ഡി ആർട്ടെ കംപറാനിയോ ഡി പനാമ (പനാമ), നെയ്റോബി കംപററി ആർട്ട് ഇൻസ്റ്റിറ്റ്യൂട്ട് (കെനിയ), പാക്കറ്റ് (ശ്രീലങ്ക), റുവാങ്റൂപ/ഓകെ.വീഡിയോ (ജക്കാർത്ത) തുടങ്ങിയ രാജ്യാന്തര പ്രശസ്തമായ സ്ഥാപനങ്ങൾ ഇതിൽ പങ്കെടുക്കുന്നുണ്ട്.

ഇന്ത്യയിലുടനീളമുള്ള 175ലധികം കലാസ്ഥാപനങ്ങളിൽ നിന്നുള്ള വിദ്യാർത്ഥി കലാകാരന്മാരുടെ പ്രോജക്റ്റുകൾ അവതരിപ്പിക്കുന്ന 'സ്റ്റുഡന്റ്സ് ബിനാലെ' മട്ടാഞ്ചേരിയിലെ വികെഎൽ വെയർഹൗസിലാണ് നടക്കുന്നത്. അങ്ക ആർട്ട് കളക്ടീവ്, അശോക് വിഷ്, ചിനാർ ഷാ, ഗാബ, ഖുർഷിദ് അഹമ്മദ്, സൽമാൻ ബഷീർ ബാബ, സവ്യസാചി അഞ്ജു പ്രബീർ, സെക്യുലർ ആർട്ട് കളക്ടീവ്, ശീതൾ സി.പി, സുധീഷ് കോട്ടമ്പ്രം, സുകന്യ ദേബ് എന്നിവരടങ്ങുന്ന ഏഴ് ക്യൂറേറ്റർമാരും കൂട്ടായ്മകളുമാണ് ഇതിന് നേതൃത്വം നൽകുന്നത്.

ഐശ്വര്യ സുരേഷ്, കെ.എം. മധുസൂദനൻ എന്നിവർ ക്യൂറേറ്റ് ചെയ്യുന്ന 'ഇടം' പ്രദർശനം മട്ടാഞ്ചേരി ബസാർ റോഡിലെ മൂന്ന് വേദികളിലായി നടക്കും. കേരളത്തിൽ നിന്നും വിദേശത്ത് നിന്നുമുള്ള 36 കലാകാരന്മാരും കൂട്ടായ്മകളുമാണ് ഇതിൽ പങ്കെടുക്കുന്നത്. അന്തരിച്ച വിവാൻ സുന്ദരത്തിന്റെ 'സിക്സ് സ്റ്റേഷൻസ് ഓഫ് എ ലൈഫ് പർസ്യൂഡ്' എന്ന ഫോട്ടോഗ്രാഫി അധിഷ്ഠിത ഇൻസ്റ്റലേഷൻ മട്ടാഞ്ചേരിയിലെ ക്യൂബ് ആർട്ട് സ്പേസിൽ പ്രദർശിപ്പിക്കും. നിരവധി പ്രകടനകലകൾ, സംവാദം, പ്രഭാഷണങ്ങൾ, സംഗീത നിശകൾ തുടങ്ങിയ പ്രധാന വേദികളിലും ബിനാലെ അനുബന്ധ വേദികളും നടക്കും.

# ബഹിരാകാശ ദൗത്യങ്ങളിൽ ഇന്ത്യയുടെ സംഭാവന നിർണായകം



**തിരുവനന്തപുരം:** ആഗോള ബഹിരാകാശ ദൗത്യങ്ങളിൽ ഇന്ത്യയുടെ സംഭാവന നിർണായകമാണെന്ന് ഇന്ത്യൻ ബഹിരാകാശ യാത്രികനും ടെസ്റ്റ് പൈലറ്റുമായ പ്രശാന്ത് ബാലകൃഷ്ണൻ നായർ. കോവളത്ത് കേരള സ്റ്റാർട്ടപ് മിഷൻ (കെഎസ്‌യുഎം) സംഘടിപ്പിക്കുന്ന ഹഡിൽ ഗ്ലോബൽ 2025 സ്റ്റാർട്ടപ് സംഗമത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാഷ്ട്ര നിർമ്മാണത്തിൽ ബഹിരാകാശ യാത്രികരുടെ മനോഭാവത്തെയും പങ്കിനെയും കുറിച്ച് സംസാരിച്ച പ്രശാന്ത് ബാലകൃഷ്ണൻ നായർ ബഹിരാകാശ ദൗത്യ മേഖലയിൽ മുൻനിര രാജ്യങ്ങൾ ബഹിരാകാശ നിയമങ്ങൾ മാറ്റിയെഴുതുമ്പോൾ ലോകം ഇന്ത്യയെ പ്രതിനിധീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

നാസ പോലുള്ള പ്രമുഖ ബഹിരാകാശ ഗവേഷണ കേന്ദ്രങ്ങളിൽ നൂറുകണക്കിന് ഇന്ത്യൻ വംശജരായ പ്രൊഫഷണലുകൾ ജോലി ചെയ്യുന്നുണ്ട്. അതിനാൽ ഈ മേഖലയിലെ പ്രവർത്തനത്തിൻറെ ഏകദേശം 30 ശതമാനം ഇന്ത്യക്കാർ സംഭാവന ചെയ്യുന്നുണ്ടെന്ന് ചൂണ്ടിക്കാട്ടി. മറ്റുള്ളവർക്കായി ജോലി ചെയ്യുന്നതിനുപകരം ബഹിരാകാശത്ത് സ്വന്തം ഇടം വികസിപ്പിക്കുന്നുണ്ടെന്ന് ഇന്ത്യ ഉറപ്പാക്കേണ്ടതുണ്ട്. ഗഗൻയാൻ, ചന്ദ്രയാൻ ദൗത്യങ്ങൾ പോലുള്ള വരാനിരിക്കുന്ന പദ്ധതികൾ ഇതര രാജ്യങ്ങൾക്കിടയിൽ ഇന്ത്യയുടെ കഴിവ് കൂടുതൽ വെളിപ്പെടുത്തും. ബഹിരാകാശ ദൗത്യങ്ങളിൽ ഇന്ത്യൻ സംരംഭങ്ങൾക്കും സ്റ്റാർട്ടപ്പുകൾക്കും സംഭാവന ചെയ്യാൻ കഴിയുന്ന നിരവധി മേഖലകളുണ്ട്.എല്ലാ മനുഷ്യ ബഹിരാകാശ ദൗത്യങ്ങളിലും റഷ്യക്കാർ വികസിപ്പിച്ചെടുത്ത ടോയ് ലറ്റ് സംവിധാനങ്ങളെയാണ് ആശ്രയിക്കുന്നത്. അതിൽ അവർക്ക് ഒരു കുത്തകയുണ്ട്. ഇതിന് ബദൽ കൊണ്ടുവരാൻ നാസ വിദഗ്ധർ ധാരാളം സമയം ചെലവഴിച്ചു. പക്ഷേ ഇപ്പോഴും അതിന് കഴിഞ്ഞിട്ടില്ല. ബഹിരാകാശത്ത് മനുഷ്യർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്ന സാങ്കേതിക വികസനങ്ങൾ ഇന്ത്യൻ സ്റ്റാർട്ടപ്പുകളുടെ മുഖമുദ്രയായി മാറണം. സ്റ്റാർട്ടപ്പ് സ്ഥാപകരെപ്പോലെ, ബഹിരാകാശ യാത്രികരും അവരുടെ ലക്ഷ്യങ്ങൾ പൂർത്തിയാക്കാൻ വലിയ വെല്ലുവിളികൾ ഏറ്റെടുക്കുന്നുവെന്ന് പ്രശാന്ത് ബാല്കൃഷ്ണൻ പറഞ്ഞു.

# ദേശീയ ഷോബുക്കാൻ കരാട്ടെ ചാമ്പ്യൻഷിപ്പ്: മണപ്പുറം ഗീത രവി പബ്ലിക് സ്കൂളിന് നേട്ടം



**വലപ്പാട്:** കന്യാകുമാരിയിലെ തിരുത്തുപ്പുറത്തെ സെന്റ് ജോസഫ് ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന 21ാം നാഷണൽ ഓപ്പൺ ഷോബുക്കാൻ കരാട്ടെ ചാമ്പ്യൻഷിപ്പിൽ മണപ്പുറം ഗീത രവി പബ്ലിക് സ്കൂൾ ശ്രദ്ധേയ വിജയം കൈവരിച്ചു.8 സ്വർണം, 2 വെള്ളി, 2 വെങ്കലം, കത്തയിൽ 3 സ്വർണം, 2 വെള്ളി, 5 വെങ്കലം എന്നിവ നേടി മൊത്തം 20 മെഡലുകൾ കരസ്ഥമാക്കിയാണ് ദേശീയതലത്തിൽ സ്കൂളിന്റെ മികവ് തെളിയിച്ചത്.

സെൻസായ് ബാബു കോട്ടോളി, 5വേ ഡാൻ ബ്ലാക്ക് ബെൽറ്റ് ആണ് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിയത്. ഷോബുക്കാൻ കരാട്ടെ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ നടന്ന മത്സരത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മത്സരാർത്ഥികളുടെ പങ്കാളിത്തം ഉണ്ടായിരുന്നു. തുടർച്ചയായി ഇന്റർനാഷണൽ, നാഷണൽ തലങ്ങളിൽ മികവ് തെളിയിക്കാൻ കഴിഞ്ഞ വിദ്യാർത്ഥികളെ സ്കൂൾ ഭരണസമിതി അഭിനനന്ദിച്ചു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com